"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ലെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) ശ്രീമതി. കെ ജി ബീന, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. **10623/2025** മേലുള്ള **03/04/2025** ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**946/2026/GEDN** തീയതി,തിരുവനന്തപുരം, **02-02-2026**

---

പരാമർശം:-

1. അടിമാലി എസ് എൻ ഡി പി എച് എസ് എസ് പ്രിൻസിപ്പലിന്റെ **3/9/2024** ലെ ആമുഖ കത്ത് സഹിതം അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ലെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) ശ്രീമതി. കെ ജി ബീന സമർപ്പിച്ച **2/8/2024** ലെ നിവേദനം.
2. ഇടുക്കി ജില്ലയിലെ അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ലെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) ശ്രീമതി. കെ ജി ബീന, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. **10623/2025** മേലുള്ള **03/04/2025** ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **22/8/2025** ലെ എസിഡി.ബി**1/7835/2025/**എച് എസ് ഇ നമ്പർ കത്ത്
4. എറണാകുളം ഹയർസെക്കന്ററി മേഖലാ ഉപമേധാവിയുടെ തിയതി രഹിത **RDDHSE/EKM/2025-A6** നമ്പർ കത്ത്
5. **G.O(P)No.25/2025/Fin.** തീയതി **15-3-2025**

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ലെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) ശ്രീമതി. കെ ജി ബീന, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. **10623/2025** മേലുള്ള **03/04/2025** ലെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാൾ സമർപ്പിച്ച **2/8/2024** ലെ **Ext.P 3** നിവേദനം, **W.A.No. 1556/2021** വിധിന്യായത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ബഹു. ഹൈക്കോടതി, ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിയ്ക്ക്

നിർദ്ദേശം നൽകിയിട്ടുള്ളത്. ബഹു. ഹൈക്കോടതി ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**""".......The writ petition is accordingly disposed of directing the 1st respondent to consider Ext.P3 representation submitted by the petitioner and take appropriate decision thereon in the light of the law laid down by this Court in W.A.No.1556 of 2021......"""**

ശ്രീമതി. കെ ജി ബീന, കഴിമ്പ്രം വി പി എം എസ് എൻ ഡി പി എച് എസ് എസ്-ൽ എച് എസ് ടി (ഗണിതം) അധ്യാപികയായിരിക്കെ അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ൽ പ്രൊമോഷൻ ട്രാൻസ്ഫർ നിയമനത്തിലൂടെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) തസ്തികയിൽ നിയമിതയാവുകയുണ്ടായി. എന്നാൽ ടിയാളുടെ എച് എസ് ടി (ഗണിതം) സ്കെയിലിലുള്ള ശമ്പളത്തേക്കാൾ കുറവാണ് എച് എസ് എസ് ടി (ജൂനിയർ) തസ്തികയിൽ ലഭിക്കുന്നത് എന്നും പ്രസ്തുത അനോമലി പരിഹരിക്കണമെന്നുമാണ് **Ext.P3** യിലെ ആവശ്യം.

(2) മാനേജരുടെ വാദംഃ

ശ്രീമതി. കെ.ജി.ബീനയെ എസ്.എൻ.ഡി.പി.യോഗം മാനേജുമെന്റ് സ്കൂളിൽ **26-08-2000** മുതൽ എച്ച്.എസ്.ടി. ആയി നിയമന അംഗീകാരം ലഭിച്ചപ്രകാരമുള്ള സീനിയോറിറ്റിയും വിദ്യാഭ്യാസ യോഗ്യതകളും പരിഗണിച്ച് ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾപ്രകാരം അനുവദിച്ചിട്ടുള്ള ഒഴിവുകളുടെ **25%** കോട്ടയിൽ ഉൾപ്പെടുത്തി **17-02-2017** മുതൽ എച്ച് എസ്.എസ്.ടി (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ആയി തസ്തികമാറ്റം മുഖേന പ്രൊമോഷൻ നൽകിയതിനു ഡിപ്പാർട്ടുമെന്റ് അംഗീകാരം നൽകിയിരുന്നു. എന്നാൽ എറണാകുളം ആർ.ഡി.ഡി. ശ്രീമതി ബീനയുടെ ശമ്പളം പ്രൊമോഷൻ അംഗീകരിച്ച എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയുടെ സ്കെയിലിൽ നിർണയിച്ച് നൽകിയതുപ്രകാരം നിലവിൽ ലഭിച്ചുകൊണ്ടിരുന്ന വാർഷിക ഇൻക്രിമെൻ്റ് തീയതിയിൽ മാറ്റം വരുത്തിയതിനാൽ പ്രൊമോഷനു മുൻപുള്ള തസ്തികയിൽ തുടർന്നെങ്കിൽ ലഭിക്കേണ്ട വേതനത്തിൽ കുറവുണ്ടായി. ഇതേ രീതിയിൽ തസ്തികമാറ്റനിയമനം ലഭിച്ച ശ്രീമതി.പി.എം മേരി സുപ്രിയ ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകിയ **11-11-2020**-ലെ നമ്പർ **14753/2020** വിധിയിൽ പെറ്റീഷണറുടെ ശമ്പളം കെ.എസ്. ആർ. പാർട്ട് ഒന്ന് റൂൾ **37**(ബി)-ലെ **4**-ാം നമ്പർ സർക്കാർ തീരുമാനപ്രകാരം പുനർനിർണ്ണയം നടത്താൻ കോടതി അനുവദിച്ചിട്ടുണ്ട്. ഇതേ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. കെ.ജി.ബീനയുടെ ശമ്പളം എച്ച്എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ നിർണ്ണയിച്ച് വാർഷിക ഇൻക്രിമെന്റ് അനുവദിക്കാൻ ബീനയുടെ റിട്ട് പെറ്റീഷൻ നമ്പർ **10623/2025**-ൽ **03-04-2025**-ലെ വിധിപ്രകാരം സർക്കാർ തീരുമാനം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുമൂലം ദീർഘകാലം സർവ്വീസുള്ള അദ്ധ്യാപകർ ഹയർ സെക്കൻ്ററി സ്പെഷ്യൽ റൂൾപ്രകാരം **25%** ക്വാട്ടയിൽ തസ്തികമാറ്റ നിയമനം സ്വീകരിക്കാൻ

തയ്യാറാവുന്നതാണ്.

(3) ഹർജിക്കാരിയുടെ വാദം:

താൻ 26/06/2000 മുതൽ വി പി എം എസ് എൻ ഡി പി സ്കൂൾ കഴിമ്പ്രത്ത് എച്ച് എസ് എ (മാത്സ്) ആയി ജോലി ചെയ്തു വരികയായിരുന്നു. തന്റെ വാർഷിക ഇൻക്രിമെന്റ് എല്ലാ വർഷവും ജൂൺ മാസം ഒന്നിന് ആയിരുന്നു. 17/2/2017 ൽ തനിക്ക് അതേ സ്കൂളിൽ തന്നെ എച്ച് എസ് എസ് ടി (പൊളിറ്റിക്കൽ സയൻസ്) ജൂനിയറായി പ്രമോഷൻ ലഭിക്കുകയുണ്ടായി. എന്നാൽ പ്രമോഷൻ ലഭിച്ചതുകൊണ്ട് തനിക്ക് യാതൊരുവിധ സാമ്പത്തിക നേട്ടവും ഉണ്ടായിരുന്നില്ല. പകരം തനിക്ക് 01/06/2017ൽ ലഭിക്കേണ്ടിയിരുന്ന വാർഷിക ഇൻക്രിമെൻ്റ് 01/02/2018 ലേക്ക് മാറ്റുകയാണ് ഉണ്ടായത്. തൻമൂലം തനിക്ക് ഒരു ഇൻക്രിമെൻ്റ് നഷ്ടമാണ് പ്രമോഷൻ മൂലം ഉണ്ടായത്. ഈ കാര്യം താൻ ഉന്നത അധികാരികളെ യഥാസമയം ബോധിപ്പിച്ചെങ്കിലും യാതൊരു അനുകൂല തീരുമാനവും ഉണ്ടായില്ല. ആയതിനാൽ താൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. ആയതുകൊണ്ട് പ്രസ്തുത ഉത്തരവ് നടപ്പാക്കി തരുവാൻ അപേക്ഷിക്കുന്നു.

(4) എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട്:

ശ്രീമതി കെ.ജി ബീന 26.06.2000 മുതൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ കഴിമ്പ്രം വി.പി.എം. എസ്.എൻ.ഡി.പി.എച്ച്.എസ്.എസിൽ 35700-75600 ശമ്പള സ്കെയിലിൽ 45800 + ഡി.എ എന്ന നിരക്കിൽ ശമ്പളം വാങ്ങിയിരുന്നതും, 17.02.2017 ൽ ഇതേ സ്കൂളിൽ തന്നെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ആയി തസ്തികമാറ്റ നിയമനം ലഭിക്കുകയും ചെയ്തിരുന്നു. പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ടി അധ്യാപികയുടെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലെ സ്കെയിൽ ഓഫ് പേ 32300-68700 ലും എച്ച്.എസ്.റ്റി തസ്തികയിലെ സ്കെയിൽ ഓഫ് പേ 35700-75600 യും ആണ്. ഉയർന്ന സ്കെയിലിൽ നിന്നും താഴ്ന്ന സ്കെയിലിലേയ്ക്ക് ടിയാൾക്ക് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സയൻസ് തസ്തികയിൽ നിയമനം ലഭിച്ചിരിക്കുന്നതിനാൽ റൂൾ 37 ബി പ്രകാരമുള്ള ഫിക്സേഷനാണ് അർഹതയുള്ളത്. ടി റൂൾ പ്രകാരം നിയമന തീയതി മുതൽ എന്നാണോ ഒരു വർഷം പൂർത്തീകരിക്കുന്നത് അന്നു മുതൽ മാത്രമേ ഇൻക്രിമെന്റിന് അർഹതയുള്ളൂ.

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 ബി പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേയ്ക്ക് തസ്തികമാറ്റം മുഖേന (സ്പെഷ്യൽ റൂൾസ്) പ്രകാരം നിയമനം ലഭിക്കുന്നവർക്ക് വാങ്ങി വന്ന അടിസ്ഥാന ശമ്പളം പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരം സാഹചര്യത്തിൽ ഇൻക്രിമെന്റ് തീയതി 01.06.2017 സംരക്ഷിച്ചു നൽകുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ടി അധ്യാപികയെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേയ്ക്ക് നിയമിച്ചിരിക്കുന്നത് 17.02.2017 നാണ്. ആയതിനാൽ അടുത്ത

ഇൻക്രിമെന്റ് 01.02.2018 ന് മാത്രമേ അനുവദിച്ചു നൽകുവാൻ കഴിയൂ.

(5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്ഃ

തൃശ്ശൂർ ജില്ലയിലെ കഴിമ്പ്രം എസ്.എൻ.ഡി.പി ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ പൊളിറ്റിക്കൽ സയൻസ് അധ്യാപികയായ ശ്രീമതി കെ ജി ബീന യ്ക്ക് 17/2/2017 മുതലാണ് എച്ച്.എസ്സ്.എ യിൽ നിന്നും എച്ച്.എസ്.എസ്.ടി ജൂനിയർ ആയി തസ്തികമാറ്റം വഴി നിയമനാംഗീകാരം ലഭിച്ചത്. ടി അധ്യാപികയ്ക്ക് 20/6/2000 മുതൽ എച്ച്.എസ്.എ. സർവ്വീസുണ്ട്. എച്ച്.എസ്.എ യുടെ ശമ്പള സ്കെയിലായ 35700-75600 ൽ നിന്ന് എച്ച്.എസ്.എസ്.ടി (ജൂനിയർ) ന്റെ ശമ്പളസ്കെയിലായ 32300-68700 -ലേക്കാണ് നിയമനം ലഭിച്ചത്. ഹയർ സ്കെയിലിൽ നിന്നും ലോവർ സ്കെയിലിലേക്കുള്ള ശമ്പള നിർണ്ണയമായതിനാൽ കെ.എസ്.ആർ 37-b പ്രകാരം ആണ് ശമ്പളം നിർണ്ണയിക്കേണ്ടത്. എച് എസ് എ യിൽ നിന്നും എച് എസ് എസ് ടി (ജൂനിയർ) ആയി ടി അധ്യാപികയ്ക്ക് തസ്തികമാറ്റ നിയമനം ലഭിച്ചപ്പോൾ കേരളാ സർവീസ് റൂൾസ് പാർട്ട് 1, ചട്ടം 37 ബി പ്രകാരം ആണ് ശമ്പളം നിർണ്ണയിച്ചിട്ടുള്ളത്. അപ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ നിയമനം ലഭിച്ച തിയതിയായ 17.2.2017 ൽ എച് എസ് ടി സ്കെയിലിലെ നിലവിലെ ശമ്പളത്തിൽ തന്നെ (Rs. 45800/-) ശമ്പളം ഫിക്സ് ചെയ്യുകയും ഒരു വർഷത്തിനുശേഷം 1/2/2018 ൽ അടുത്ത ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. റൂൾ 37 (ബി) പ്രകാരം ഉയർന്ന ശമ്പളസ്കെയിലിൽ നിന്ന് താഴ്ന്ന ശമ്പളസ്കെയിലിലേക്കുള്ള നിയമനത്തിന്, ഉയർന്ന ശമ്പളസ്കെയിലിലെ ശമ്പളം പരിഗണിക്കാതെ താഴ്ച ശമ്പളസ്കെയിലെ മിനിമത്തിൽ നിജപ്പെടുത്താനും, സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനങ്ങളിൽ ഉയർന്ന ശമ്പള സ്കെയിലിലെ വേതനം താഴ്ന്ന ശമ്പള സ്കെയിലിലെ ഒരു സ്റ്റേജ് ആണെങ്കിൽ ആയതു അനുവദിക്കാനും ഉത്തരവ് നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ ടി അധ്യാപികയ്ക്ക് എച്ച്.എസ്.എ സ്കെയിലിലെ ഇൻക്രിമെന്റ് തിയതി സംരക്ഷിച്ചു നൽകാൻ കഴിയില്ല

(6) മേൽ വിഷയം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ശ്രീമതി. കെ ജി ബീന, കഴിമ്പ്രം വി പി എം എസ് എൻ ഡി പി എച് എസ് എസ്-ൽ എച് എസ് ടി (ഗണിതം) അധ്യാപികയായിരിക്കെ അടിമാലി എസ് എൻ ഡി പി എച് എസ് എസ്-ൽ പ്രൊമോഷൻ ട്രാൻസ്ഫർ നിയമനത്തിലൂടെ എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്) തസ്തികയിൽ നിയമിതയാവുകയുണ്ടായി. എന്നാൽ ടിയാളുടെ എച് എസ് ടി (ഗണിതം) സ്കെയിലിലുള്ള ശമ്പളത്തേക്കാൾ കുറവാണ് എച് എസ് എസ് ടി (ജൂനിയർ) തസ്തികയിൽ ലഭിക്കുന്നത് എന്നും പ്രസ്തുത അനോമലി പരിഹരിക്കണമെന്നുമാണ് Ext.P3 യിലെ ആവശ്യം

**As per Rule 37 (b) Part I Kerala Service Rules as amended by G.O.(P)No.211/2005/Fin dated 11/05/2005, in the case of officiating appointments from**

a higher time scale of pay to a lower time scale of pay, made in accordance with the Special Rules applicable to such appointments, the officers officiating pay in the new time scale is to be fixed at his officiating pay in the previous appointment, if it is a stage in the new time scale or at the next lower stage, if it is not a stage in the new time scale, the difference being treated as personal pay to be absorbed in future increases. Since the appointment of Smt. K G Beena from High School Teacher (Maths) on 35700-75600 to the post of Higher Secondary School Teacher (Junior) on Rs.32300-68700 is by transfer, the basic pay drawn in the post of High School Teacher (Maths) is to be protected on appointment in the post of Higher Secondary School Teacher (Junior) on Rs.32300-68700 on her date of joining the post in view of Rule 37(b) Part I Kerala Service Rules. Thus, her basic pay drawn in the previous appointment was protected in the scale of pay of Higher Secondary School Teacher (Junior) on Rs.32300-68700 and her first increment in the post of Higher Secondary School Teacher (Junior) was sanctioned on completion of one-year qualifying service in the scale of pay of Higher Secondary School Teacher (Junior) on Rs.32300-68700 in terms of Rule 33 Part I Kerala Service Rules. Govt Decision No. 4 below Rule 37 (b) and Government Decision no: 1 (2) below rule 28 A Part 1 Kerala Service Rules, is not applicable in this case as the appointment of Smt. K G Beena is from a higher pay scale to a lower pay scale.

Government amended rule 37(b) to the effect that the pay of an officer already in service appointed from a post on a higher time scale of pay to a post on a lower time scale by direct recruitment will be fixed at the minimum of the lower time scale, and if the appointment is a by transfer one made under the Special rules to a lower time scale, he will be allowed protection of pay drawn in the higher time scale. So the intent and purpose of the amendment made to rule 37(b) is that protection of pay should be denied only to direct recruitees. In other words, even the scope for pay protection is narrowed down to appointments made in accordance with Special Rules to lower time scale of pay. Also, G.O.(P)No.25/2025/Fin dated 05/03/2025 stipulates that in case of appointments from higher time scale of pay to lower time scale of pay in accordance with Special Rules, no re-fixation will be allowed as there is no lower scale with reference to which re fixation can be sanctioned.

Fixation of pay due to an officer has to be made with reference to the pay he had drawn immediately before such fixation. This principle runs through all rules for fixation of pay such as rule 28, 28A, 37(a) and 37(b). A different methodology cannot be adopted for 37(b) alone without sacrificing the basic tenets in Kerala Service Rules. Moreover Honourable High Court of Kerala has upheld the

**amendment made to rule 37(b) by its judgement dated 05/01/2015 in WP(C) 27485/2008 which is as follows: "it is in the realm of policy of the Government to laid down the recruitment rules. The wisdom of the Government in fixing different norms and procedure for appointment cannot be questioned. The court cannot substitute the wisdom of the Government for laying norms for recruitment. An appointee cannot insist that his appointment should carry the same scale of pay, which he was drawing in the prior service. If the appointee has chosen a different service, it concludes that he has relinquished the pay, which he was drawing in the prior service. The wisdom of choosing different service is in the field of choice of the employee concerned.**

(7) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 (ബി) പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്ന് താഴ്ന്ന ശമ്പള സ്കെയിലിലേക്കുള്ള നിയമനത്തിന് ഉയർന്ന ശമ്പള സ്കെയിലിലെ ശമ്പളം പരിഗണിക്കാതെ താഴ്ന്ന ശമ്പള സ്കെയിലിലെ മിനിമത്തിൽ നിജപ്പെടുത്താനും സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനങ്ങളിൽ ഉയർന്ന ശമ്പള സ്കെയിലിലെ വേതനം താഴ്ന്ന ശമ്പള സ്കെയിലിലെ ഒരു സ്റ്റേജ് ആണെങ്കിൽ ആയത് അനുവദിക്കാവുന്നതാണ്. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം ( ബി) പ്രകാരം ഉയർന്ന ശമ്പള സ്കെയിലിലുള്ള തസ്തികയിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്ക് തസ്തികമാറ്റം മുഖേന(സ്പെഷ്യൽ റൂൾസ് പ്രകാരം) നിയമനം ലഭിക്കുന്നവർക്ക് വാങ്ങി വന്ന അടിസ്ഥാന ശമ്പളം, തസ്തികമാറ്റ നിയമനം ലഭിച്ച തസ്തികയുടെ ശമ്പള സ്കെയിലിൽ സംരക്ഷിച്ചു നൽകുന്നതിന് വ്യവ്യസ്ഥയുണ്ട്. എന്നാൽ ഇത്തരം സാഹചര്യത്തിൽ ഇൻക്രിമെന്റ് തീയതി സംരക്ഷിച്ചു നൽകുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്ക് നിയമനം ലഭിക്കുന്നവർക്ക് കേരളാ സർവീസ് റൂൾസ് **Part 1 Rule 37(b) Pay fixation** ആണ് അർഹത. ആയതിനാൽ ടിയാൾക്ക് എച്ച്.എസ്.എസ്.റ്റി തസ്തികയിൽ ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇൻക്രിമെന്റ് അനുവദിക്കാനാവൂ. നിലവിൽ സേവനത്തിലുള്ള ഒരു ഉദ്യോഗസ്ഥന് ഉയർന്ന പേ സ്കെയിലിലെ ഒരു തസ്തികയിൽ നിന്ന് താഴ്ന്ന പേ സ്കെയിലിലെ ഒരു തസ്തികയിലേക്ക് നേരിട്ടുള്ള റിക്രൂട്ടുമെന്റിലൂടെ നിയമനം നൽകുമ്പോൾ താഴ്ന്ന പേ സ്കെയിലിലെ ഏറ്റവും കുറഞ്ഞ വേതനം നിജപ്പെടുത്തിയും കൂടാതെ നിയമനം സ്പെഷ്യൽ റൂൾസ് പ്രകാരം ബൈ ട്രാൻസ്ഫർ ചെയ്യതാണെങ്കിൽ താഴ്ന്ന പേ സ്കെയിലിൽ ഉയർന്ന പേ സ്കെയിലിൽ ലഭിക്കുന്ന ശമ്പളത്തിന്റെ സംരക്ഷണം ടിയാൾക്ക് അനുവദിക്കുന്നതിനും സർക്കാർ ചട്ടം 37(ബി) ഭേദഗതി ചെയ്തു. അതിനാൽ നേരിട്ട് റിക്രൂട്ട് ചെയ്യുന്നവർക്ക് മാത്രം ശമ്പള സംരക്ഷണം അനുവദിക്കില്ല എന്നതാണ് റൂൾ 37(ബി)-ൽ വരുത്തിയ ഭേദഗതിയുടെ ഉദ്ദേശലക്ഷ്യം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വേതന സംരക്ഷണത്തിനുള്ള സാധ്യത പോലും താഴ്ന്ന് പേ സ്കെയിലിലേക്കുള്ള പ്രത്യേക ചട്ടങ്ങൾക്കനുസൃതമായി നടത്തുന്ന നിയമനങ്ങളിലേക്ക് ചുരുക്കിയിരിക്കുന്നു.

ഒരു ഉദ്യോഗസ്ഥന്റെ ശമ്പള നിർണ്ണയം നടത്തേണ്ടത് തൊട്ടുമുമ്പ് അദ്ദേഹം എടുത്ത ശമ്പളത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. ഈ തത്വം റൂൾ **28, 28** എ, **37**(എ), **37**(ബി) എന്നിങ്ങനെയുള്ള ശമ്പളം നിർണ്ണയിക്കുന്നതിനുള്ള എല്ലാ ചട്ടങ്ങൾക്കും ബാധകമാണ്. കേരള സർവീസ് റൂളുകളിലെ അടിസ്ഥാന തത്വങ്ങൾ ത്യജിക്കാതെ **37**(ബി) ക്ക് വേണ്ടി മാത്രം വ്യത്യസ്ഥമായ ഒരു രീതി സ്വീകരിക്കാൻ കഴിയില്ല. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ **WP(C)27485/2008** മേലുള്ള **05/01/2015** ലെ വിധിന്യായത്തിൽ റൂൾ **37** (ബി) ക്ക് വരുത്തിയ ഭേദഗതി ചുവടെ ചേർക്കും വിധം ശരിവച്ചിട്ടുണ്ട്.

**"It is in the realm of policy of the Government to laid down the recruitment rules. The wisdom of the Government in fixing different norms and procedure for appointment cannot be questioned. The court cannot substitute the wisdom of the Government for laying norms for recruitment. An appointee cannot insist that his appointment should carry the same scale of pay, which he was drawing in the prior service. If the appointee has chosen a different service, it concludes that he has relinquished the pay, which he was drawing in the prior service. The wisdom of choosing different service is in the field of choice of the employee concerned."**

റീ-ഫിക്സേഷൻ (ഇൻക്രിമെൻ്റ് തീയതിയുടെ സംരക്ഷണം) ഉൾപ്പെടെ എല്ലാ ശമ്പളനിർണ്ണയവും അനുവദിക്കുന്നത് ജീവനക്കാരന് പ്രമോഷൻ ലഭിക്കുന്ന താഴ്ന്ന പേ സ്കെയിലിനെ അടിസ്ഥാനമാക്കിയാണ്. നിലവിലെ സാഹചര്യത്തിൽ, ജീവനക്കാരന്റെ നിയമനം ഉയർന്ന പേ സ്കെയിലിൽ നിന്ന് താഴ്ന്ന സമയ സ്കെയിലിലേക്കാണ്, കൂടാതെ ഇൻക്രിമെൻ്റ് തീയതി സംരക്ഷിക്കപ്പെടേണ്ട താഴ്ന്ന മുൻ സ്കെയിലുകളൊന്നുമില്ല. അതിനാൽ ഇൻക്രിമെന്റ് തീയതി സംരക്ഷിക്കാൻ കഴിയില്ല.

(8)ബഹു. ഹൈക്കോടതി പരാമർശിച്ചിട്ടുള്ള സമാനമായ കേസിൽ **(judgment dated 13-12-2021 in WA 1556/2021)** ശ്രീമതി. മേരി സുപ്രിയയ്ക്ക് കോടതി വിധികളുടെ അടിസ്ഥാനത്തിൽ സമാനകേസുകളിൽ ഇതൊരു കീഴ്വഴക്കമാകില്ലെന്ന വ്യവസ്ഥയിൽ മാത്രമാണ് സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിൽ ഇൻക്രിമെന്റ് തീയതി സംരക്ഷിച്ച് നൽകിയിട്ടുള്ളത്. ആയത് കൊണ്ട് തന്നെ ശ്രീമതി.മേരിസുപ്രിയക്ക് അനുവദിച്ച ഉത്തരവിലെ ആനുകൂല്യം ഹർജിക്കാരിക്ക് ബാധകമാക്കാനാകില്ല. കൂടാതെ, ഉയർന്ന ശമ്പള സ്കെയിലിൽ നിന്ന് താഴ്ന്ന ശമ്പള സ്കെയിലിലേക്കുള്ള നിയമനങ്ങളുടെ കാര്യത്തിൽ പുനർനിർണയം അനുവദനീയമല്ലെന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാർ **15-3-2025** തീയതിയിൽ **G.O(P)No.25/2025/Fin.** ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിനാൽ മേൽ സൂചിപ്പിച്ച സമാന കേസ് തന്റെ കാര്യത്തിലും ബാധമാക്കി നൽകണമെന്ന ശ്രീമതി. കെ ജി ബീനയുടെ വാദം

അംഗീകരിക്കുവാൻ കഴിയില്ല. ഈ സാഹചര്യത്തിൽ, ഹർജിയിലെ ആവശ്യം നിരസിച്ചുനൽകികൊണ്ട്, ഹർജിക്കാരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **10623/2025** നമ്പർ റിട്ട് ഹർജിയിന്മേലുള്ള **3/4/2025** ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്‌ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, (ഹയർ സെക്കന്ററി) തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, എറണാകുളം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, കോട്ടയം
മാനേജർ, എസ് എൻ ഡി പി എച് എസ് എസ്, അടിമാലി, ഇടുക്കി ജില്ല
ശ്രീമതി. കെ ജി ബീന, എച് എസ് എസ് ടി -ജൂനിയർ (പൊളിട്ടിക്കൽ സയൻസ്), എസ് എൻ ഡി പി എച് എസ് എസ്, അടിമാലി, ഇടുക്കി ജില്ല
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Asha Rani M
Date: 02-02-2026 17:12:27
സെക്ഷൻ ഓഫീസർ